I/92094/2024

**കേരള സർക്കാർ**
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം, ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്, തമ്പാനൂർ, തിരുവനന്തപുരം-695001**
Email: ceekinfo@cee.kerala.gov.in
Phone : 0471 2525300

**വിജ്ഞാപനം**

**കീം 2024**

**എഞ്ചിനീയറിംഗ്/ഫാർമസി കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷ 2024**
**ട്രയൽ ടെസ്റ്റിനുള്ള അഡ്മിഷൻ സ്ലിപ് ഓൺലൈനായി ലഭ്യമാക്കി**

2024-25 അധ്യയന വർഷത്തെ ബി.ടെക്, ബി.ഫാം കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനായി നടത്തുന്ന കമ്പ്യൂട്ടർ അധിഷ്ഠിത (CBT) എഞ്ചിനീയറിംഗ്/ഫാർമസി പ്രവേശന പരീക്ഷ 05.06.2024 മുതൽ 09.06.2024 വരെ സംസ്ഥാനത്തെ തെരഞ്ഞെടുത്ത കേന്ദ്രങ്ങളിലും, ഡൽഹി, മുംബൈ, ദുബായ് എന്നിവിടങ്ങളിലും വച്ച് നടത്തുന്നു. കീം 2024 ന്റെ അപേക്ഷയിലൂടെ ട്രയൽ ടെസ്റ്റിന് പങ്കെടുക്കുന്നതിനായി സമ്മതം അറിയിച്ചിട്ടുള്ള അപേക്ഷകർക്ക് അവർ അപേക്ഷ സമർപ്പിച്ച മുൻഗണന അനുസരിച്ച് **25.05.2024 ന് 10.00 AM മുതൽ 1.00 PM** വരെ നടത്തുന്ന ട്രയൽ ടെസ്റ്റിൽ പങ്കെടുക്കാവുന്നതാണ്. മുൻ പറഞ്ഞ പ്രകാരം ട്രയൽ ടെസ്റ്റിന് അപേക്ഷിച്ചിട്ടുള്ളവർ **www.cee.kerala.gov.in** എന്ന പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഔദ്യാഗിക വെബ്സൈറ്റിൽ ലോഗിൻ **ID, Password** എന്നിവ നൽകി പ്രവേശിച്ചതിനുശേഷം കീം 2024 ട്രയൽ ടെസ്റ്റ് എന്ന **മെനു ക്ലിക്ക് ചെയ്ത്** ട്രയൽ ടെസ്റ്റിനുള്ള അഡ്മിഷൻ സ്ലിപ് 23-05-2024, പകൽ 11.00 മണി മുതൽ ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. അഡ്മിഷൻ സ്ലിപിൽ നൽകിയിട്ടുള്ള സമയത്ത് അനുവദിച്ചിട്ടുള്ള പരീക്ഷാ കേന്ദ്രത്തിൽ അപേക്ഷകൻ ട്രയൽ ടെസ്റ്റിനായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. യഥാർത്ഥ പരീക്ഷയുടെ മാതൃകയിലാണ് ട്രയൽ ടെസ്റ്റ് നടത്തുന്നത്. ആയതിനാൽ പരീക്ഷയുമായി ബന്ധപ്പെട്ട് നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അപേക്ഷകർ കൃത്യമായും പാലിക്കേണ്ടതാണ്. ഡൽഹി, മുംബൈ, ദുബായ് എന്നിവിടങ്ങളിലെ പരീക്ഷാകേന്ദ്രങ്ങളിൽ ട്രയൽ ടെസ്റ്റ് ഉണ്ടായിരിക്കുന്നതല്ല.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signed by
Sudhir K Ias
Date: 22-05-2024 22:18:51

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
22-05-2024